# <u>ആന്ധ്രയിൽ നിന്ന് കഞ്ചാവ് കടത്ത് : ഒരാൾകൂടി പിടിയിൽ</u>

കല്ലൂർക്കാട് വാടക വീട്ടിൽ സൂക്ഷിച്ച 40 കിലോ കഞ്ചാവ് പിടിച്ച കേസിൽ ഒരാൾ കൂടി പിടിയിൽ. തൊടുപുഴ അറക്കുളം, പടിഞ്ഞാറേയിൽ വീട്ടിൽ രാജീവ് (പോത്ത് രാജീവ് 39) നെയാണ് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിൻറെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. കഴിഞ്ഞ നവംബറിലാണ് വാടക വീട്ടിൽ സൂക്ഷിച്ചിരുന്ന 40 കിലോ കഞ്ചാവ് പോലിസ് പിടികൂടിയത്. ഇതുമായി ബന്ധപ്പെട്ട് രാജീവിൻറെ കൂട്ടാളികളായ റസൽ, ബന്നറ്റ് എന്നിവരേയും ഇവർക്ക് കഞ്ചാവ് കൈമാറുന്ന ആന്ധ്ര സ്വദേശി പല്ലശ്രീനിവാസ റാവുവിനേയും നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

ആന്ധ്രയിലെ നക്സൽ ബാധിത ആദിവാസി മേഖലയിൽ നിന്നുമാണ് ഇവർ കഞ്ചാവ് കേരളത്തിലേക്ക് എത്തിക്കുന്നത്. ഒരു ട്രിപ്പിൽ നൂറു മുതൽ ഇരുനൂറു കിലോവരെ കഞ്ചാവ് കേരളത്തിലേക്ക് കടത്തുന്ന മൊത്ത വ്യാപാരികളാണ് ഇവർ. മൂവായിരം രൂപയ്ക്ക് വാങ്ങുന്ന കഞ്ചാവ് ഇവിടെ ഇരുപതിനായിരത്തിനാണ് വിൽപ്പന. രണ്ട് കിലോ വീതമുള്ള പ്രത്യേക പായ്ക്കുകകളിലാക്കി രഹസ്യ അറകളിലും, ബോക്സുകളിലുമായാണ് വാഹനത്തിൽ കേരളത്തിലേക്ക് സാധനം എത്തിക്കുന്നത്. രാജീവണ് വാഹനം ഓടിക്കുന്നത്. ഒരു ട്രിപ്പിന് ഇയാൾക്ക് എഴുപതിനായിരമാണ് കൂലി. സാഹസികമായി വാഹനമോടിക്കുന്നതിൽ വിദഗ്ദനായ ഇയാൾക്കെതിരെ വിവിധ പോലിസ് സ്റ്റേഷനുകളിലായി നിരവധി കേസുകളാണുള്ളത്. ആയിരക്കണക്കിന് കിലോ കഞ്ചാവാണ് ഇവർ കേരളത്തിൻറെ വിവിധ ഭാഗങ്ങളിൽ എത്തിച്ച് വിൽപ്പന നടത്തിയിട്ടുള്ളത്. കഞ്ചാവ് കടത്തുമായി ബന്ധപ്പെട്ട് പത്തോളം പേരെ ഇതിനകം പിടികൂടിക്കഴിഞ്ഞു. ജില്ലാ പോലിസ് മേധാവി കെ.കാർത്തിക്കിൻറെ നേതൃത്വത്തിൽ എസ്.എച്ച്.ഒ എം.സുരേന്ദ്രൻ, എസ്.ഐ പി.എം ഷാജി, കെ.വി നിസാർ, സീനിയർ സിവൽ പോലിസ് ഓഫീസർമാരായ ജിമ്മോൻ ജോർജ്, റ്റി. ശ്യാംകുമാർ, പി.എൻ രതീശൻ, രഞ്ജിത്ത്, ജാബിർ, മനോജ് തുടങ്ങിയവരാണ് സംഘത്തിലുള്ളത്.